"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 — കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ക്യൂ 952 ന്, ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.54/2024/Co-Op തീയതി,തിരുവനന്തപുരം, 23-01-2024

---

പരാമർശം:- 1. 23/05/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

2. സഹകരണ സംഘം രജിസ്ട്രാറുടെ 04/01/2024 ലെ പി & എം ബി(4) 3981/2023 നം കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ക്യൂ 952 ന്, വിദ്യാർത്ഥികൾക്കുള്ള പഠന സൗകര്യങ്ങളും അനുബന്ധ സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ നവീന സൗകര്യങ്ങളോട്ടു കൂടിയ സ്കിൽ ലാബുകൾ, മെഡിക്കൽ ലൈബ്രറി, ലക്ചറൽ ഹാൾ, ക്ലിനിക്കൽ റൂം, ഡിജിറ്റൽ വർക്ക് സ്റ്റേഷൻ എന്നിവ സജ്ജീകരിക്കുന്നതിനായി പലവക സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 45.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള പ്രോജക്ട് 23/05/2023 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചിരുന്നു. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായ തുകയായ 45.00 ലക്ഷം രൂപ ( നാൽപ്പത്തഞ്ച് ലക്ഷം രൂപ മാത്രം ) ( സബ്സിഡി - 2425-00-108-67 - 22.50 ലക്ഷം രൂപ , ഓഹരി - 4425-00-108-68 - 22.50 ലക്ഷം രൂപ ) അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും റിലീസ് ഉത്തരവും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ക്യൂ 952 ന്, വിദ്യാർത്ഥികൾക്കുള്ള പഠന സൗകര്യങ്ങളും അനുബന്ധ സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ നവീന സൗകര്യങ്ങളോട്ടു കൂടിയ സ്കിൽ ലാബുകൾ, മെഡിക്കൽ ലൈബ്രറി, ലക്ചറൽ ഹാൾ, ക്ലിനിക്കൽ റൂം, ഡിജിറ്റൽ വർക്ക് സ്റ്റേഷൻ എന്നിവ സജീകരിക്കുന്നതിനായി പലവക സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 45.00 ലക്ഷം രൂപ ധനസഹായം, (സബ്സിഡി - 2425-00-108-67 - 22.50 ലക്ഷം രൂപ, ഓഹരി - 4425-00-108-68 - 22.50 ലക്ഷം രൂപ ) 2023-

24 സാമ്പത്തിക വർഷത്തിൽ ചുവടെ പറയും പ്രകാരം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4425-00-108-68 ഓഹരി | 22,50,000 | AS/COP/23/32801 | 31/03/2024 |
| 2 | 2425-00-108-67 സബ്സിഡി | 22,50,000 | AS/COP/23/32802 | 31/03/2024 |
| | ആകെ തുക | 45,00,000 | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 24-01-2024 11:26:29

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ.